സൗജന്യ പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്ന പ്രക്രിയ കൂടുതൽ ശാസ്ത്രീയമാക്കുന്നതിന്.

പലതരം സ്ക്കോളർഷിപ്പുകൾ ഇന്ന് നിലവിലുണ്ട്. അവയ്ക്കെല്ലാം അർഹരായ കുട്ടികളെ കണ്ടെത്തുന്നതിന്.

പഞ്ചായത്തീരാജ് സംവിധാനങ്ങൾക്ക് സ്ഥാപനാടിസ്ഥാനത്തിൽ ആവശ്യമായ പദ്ധതി ആസൂത്രണത്തിന് ഈ ദത്തങ്ങൾ ഉപയോഗിക്കുന്നതിന്.

നേറ്റിവിറ്റി സർട്ടിഫിക്കറ്റ് ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ മുതലായവയ്ക്കുള്ള അടിസ്ഥാനരേഖകളായും ഈ വിവരങ്ങളെ പ്രയോജനപ്പെടുത്തുന്നതിന്.

- എസ്.എസ്.എ.-യുടെ ആഭിമുഖ്യത്തിൽ ഇപ്പോൾ ചൈൽഡ് സെൻസസ് നടക്കുന്നില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

സ്കൂളുകളിലെ ഷിഫ്റ്റ് സമ്പ്രദായം

6 (5137) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ഷിഫ്റ്റ് സമ്പ്രദായം നിലവിലുള്ള എൽ.പി.,യു.പി. ക്ളാസ്സുകളിലെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓരോ വിഭാഗവും വെവ്വേറെ ഹെഡ്മാസ്റ്റർമാരുടെ കീഴിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

സ്കൂളുകളുടെ അക്കാദമിക് നിലവാരം ഉയർത്താനുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ

7 (5138) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിലെ സ്കൂളുകളുടെ അക്കാദമിക് നിലവാരം ഉയർത്താനുള്ള ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളാണ് സർക്കാർ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു ;

(സി) ഇതിലേയ്ക്ക് കേന്ദ്ര സർക്കാരിന്റെ ഗ്രാന്റായി എന്ത് തുക ലഭിച്ചു ;

(ഡി) സംസ്ഥാന സർക്കാർ ഇത് സംബന്ധിച്ച് ഏതെങ്കിലും പ്രത്യേക പദ്ധതി സ്വന്തമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ ;

(എഫ്) ഇതിലേയ്ക്ക് സംസ്ഥാന ബഡ്ജറ്റിൽ എന്ത് തുക വകവരുത്തിയിട്ടുണ്ട് ;

(ജി) നാളിതുവരെ എന്ത് തുക ചെലവഴിച്ചു ?

ഉത്തരം

(എ) സർവ്വശിക്ഷാ അഭിയാൻ, രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ, സ്കൂളുകളിലെ വിവരസാങ്കേതിക വിദ്യയുടെ വികസനം എന്നിവ യാണ് സ്കൂളുകളുടെ അക്കാദമിക് നിലവാരം ഉയർത്താനുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ.

സംസ്ഥാനത്തെ വൊക്കേഷണൽ ഹയർസെക്കണ്ടറി വകുപ്പിനായി 2009-10 വർഷത്തെ ബഡ്ജറ്റിൽ ഉൽപ്പെടുത്തിയിരുന്ന 400 ലക്ഷം രൂപയുടെ അധിക കേന്ദ്രസഹായം ഉപയോഗിച്ച് (അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ്) 2010-11 വർഷത്തിൽ ഫിനിഷിംഗ് സ്കൂളുകൾ ആരംഭിക്കുവാനും റിസർച്ച് പ്രവർത്തനങ്ങൾ നടത്തുവാനും ഗവണ്മെന്റ് വി.എച്ച്.എസ്. സ്കൂളുകളിലെ ലബോറട്ടറികൾ നവീകരിക്കുവാനും വർക്ക്ഷെഡ്ഡുകൾ നിർമ്മിക്കുവാനുമുള്ള പദ്ധതികൾ നടപ്പിലാക്കുവാനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു.

ഹയർ സെക്കണ്ടറി വകുപ്പിൽ പൂർണ്ണമായും കേന്ദ്രസഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ ഇപ്പോൾ നിലവിലില്ല. എന്നാൽ അഡീഷണൽ സെൻട്രൽ അസിസ്റ്റൻസിൽ ഉൾപ്പെടുത്തി കേരള സർക്കാർ പാഠ്യപദ്ധതി പുന:സംഘാടനത്തിനായി 2008-09-ൽ 2 കോടി രൂപ (രണ്ടു കോടി മാത്രം) അനുവദിച്ചിട്ടുണ്ട്. പാഠ്യപദ്ധതി പുന:സംഘാടനം നടപ്പിലാക്കുന്നതിന്റെ പൂർണ്ണമായ ചുമതല SCERT-യിൽ നിക്ഷിപ്തമായതിനാൽ പ്രസ്തുത തുക SCERT -ക്ക് കൈമാറിയിട്ടുണ്ട്.

(ബി) ചോദ്യം എ-യ്ക്കുള്ള മറുപടിയിൽ പറയുന്ന എല്ലാ പദ്ധതികളും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

(സി) നടപ്പു സാമ്പത്തികവർഷത്തിൽ വിവിധയിനങ്ങളിലായി 30650.82 ലക്ഷം രൂപ അംഗീകരിച്ച അടങ്കൽ തുകയായുള്ളതിൽ കേന്ദ്രസർക്കാർ ആദ്യ ഗഡുവായി 7660.73 ലക്ഷം രൂപ എസ്.എസ്.എ.-യ്ക്ക് ഗ്രാന്റായി ലഭിച്ചിട്ടുണ്ട്.

രാഷ്ട്രീയ മാധ്യമിക് ശക്ഷാ അഭിയാനുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നും 8.93 കോടി രൂപ ഗ്രാന്റായി ലഭിച്ചിട്ടുണ്ട്. വിവര സാങ്കേതിക വിദ്യയുടെ വികസനത്തിനായി പ്രതിവർഷം കേന്ദ്ര സർക്കാരിന്റെ ഗ്രാന്റായി 40.71 കോടി രൂപ ലഭിക്കുന്നുണ്ട്. ഇതിനായി അധിക കേന്ദ്രസഹായമായ 400 ലക്ഷം രൂപ സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിന് ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം തൽസ്ഥല പിന്തുണ സംവിധാനം എന്നീ രണ്ട് പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കി വരുന്നുണ്ട്.

(ഇ) ക്യു.ഇ.പി.ആർ. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന തെരഞ്ഞെടുത്ത 107 സ്ക്കൂളുകളിലെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടികൾ നടപ്പിലാക്കിവരുന്നു. ക്യു.ഐ.പി. പദ്ധതിയിൽ അദ്ധ്യാപക പരിശീലനം തൽസ്ഥല പിന്തുണ സംവിധാനം (ഒ.എസ്.എസ്) സംസ്ഥാന ജില്ലാ തല മോണിറ്ററിംഗ് തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്.

(എഫ്) ക്യു.ഐ.പി.-ക്കായി 100 ലക്ഷം രൂപയും ക്യു.ഇ.പി. ആറിനായി എഴു ലക്ഷം രൂപയും ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ മികവ് വർദ്ധിപ്പിക്കുന്നതിനായി 3 കോടി രൂപയും സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ജി) ക്യു.ഇ.പി. ആറി നായി പതിനാറു ലക്ഷം രൂപ ചെലവഴിച്ചു.

ഹയർ സെക്കണ്ടറി വകുപ്പിൽ 2007-08 മുതൽ 2009-10 വരെ 8 കോടി രൂപ അദ്ധ്യാപകരുടെ മികവ് വർദ്ധിപ്പിക്കുന്നതിനായും 2008-09-ൽ 2 കോടി രൂപ കരിക്കുലം റീ-സ്ട്രക്ച്ചറിംഗിനുംവേണ്ടി ചെലവഴിക്കുകയുണ്ടായി. ആകെ 10 കോടി രൂപ ചെവഴിച്ചു.

സർക്കാർ സ്കൂളുകളിൽ വിദ്യാർത്ഥികളെ ആകർഷിക്കുന്നതിന് നടപടി

8 (5139) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ വിദ്യാർത്ഥികളെ ആകർഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ള തെന്ന് വിശദീകരിക്കാമോ ;

(ബി) ഒന്നാം ക്ലാസ്സിൽ കൂടുതൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്ന ഓരോ ജില്ലയിലേയും സർക്കാർ സ്ക്കൂളുകൾക്ക് പ്രത്യേക പ്രോത്സാഹനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഈ അദ്ധ്യായനവർഷം ഇത്തരത്തിൽ ഏതൊക്കെ സർക്കാർ സ്കൂളുകളാണ് ഇത്തരം പ്രോത്സാഹന സമ്മാനം നൽകിയതെന്ന് ജില്ല തിരിച്ചുള്ള വിശദവിവരം ലഭ്യമാക്കുമോ ;

(ഡി) ഇതിനായി ഈ വർഷം മറ്റെന്തൊക്കെ പ്രോത്സാഹനങ്ങൾ ഏർപ്പെടുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly